"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2 കോടി രൂപ വായ്പയായി നൽകുന്നതിന് കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും(ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.611/2024/LBR തീയതി,തിരുവനന്തപുരം, 07-06-2024**

---

പരാമർശം:-

1. 16.02.2024 ലെ സ.ഉ(അച്ചടി) നം. 21/2024/നികുതി (എസ്.ആർ.ഒ 186/2024)
2. 05.04.2024-ൽ ചേർന്ന 678-ാമത് കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡ് യോഗ തീരുമാനം നം. 15.
3. 16.04.2024, 15.05.2024 എന്നീ തീയതികളിലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ KTWWFB/433/2024-ACCTS 2 നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) പ്രകാരം രൂപീകൃതമായ കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2,00,00,000/- (രണ്ട് കോടി രൂപ) കടമെടുക്കുന്നതിനുള്ള ടി ബോർഡിന്റെ അപേക്ഷ പരിഗണിച്ച കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് പരാമർശം (2) ബോർഡ് യോഗതീരുമാന പ്രകാരം സർക്കാർ അനുമതിക്ക് വിധേയമായി വായ്പ നൽകുന്നതിന് തീരുമാനിക്കുകയും വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കരട് ഉടമ്പടി സഹിതം പ്രപ്പോസൽ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡ് യോഗതീരുമാനം അംഗീകരിച്ച്, കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ, ടി ബോർഡിന് വായ്പയായി നൽകുന്നതിന് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബോർഡുകൾ ഉഭയകക്ഷി ചർച്ചയിലൂടെ രൂപീകരിച്ച ഉടമ്പടിയിൽ ഇരു ബോർഡുകളും ഒപ്പുവയ്ക്കേണ്ടതും ഉടമ്പടി വ്യവസ്ഥകൾക്ക് വിധേയമായി മാത്രം തുക കൈമാറേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ.കെ.ചന്ദ്ര

അഡിഷണൽ സെക്രട്ടറി

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ , കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്,

തിരുവനന്തപുരം.
ലേബർ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ) /(ആഡിറ്റ്), തിരുവനന്തപുരം.
നികുതി (ജി) വകുപ്പ്( ജി164/2024/നികുതി അന. ഫയൽ)
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
സെക്ഷൻ ഓഫീസർ
Date: 07-06-2024 17:44:38

പകർപ്പ്-
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.
തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ സി.എ.